©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

വാല്യം 7
Vol. VII

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2018 ഫെബ്രുവരി 6
6th February 2018

1193 മകരം 23
23rd Makaram 1193

1939 മാഘം 17
17th Magha 1939

നമ്പർ
No. 6

## PART III

# Commissionerate of Land Revenue

Gaz. No. 6/2018/DTP (CLR).

പരേതന്റെ മാതാവ് ജീവിച്ചിരിപ്പില്ല. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞും തപാൽവഴിയും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല.

(3)

നമ്പർ എ3-408/2018. 2018 ജനുവരി 20.

കാട്ടാക്കട താലൂക്കിൽ വീരണകാവ് വില്ലേജിൽ മുളമൂട് രത്നഭവനിൽ രാകേഷ്, ആർ. മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിനും ഒരുലക്ഷം രൂപ വരെയുള്ള മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെ താമസക്കാരിയായ പ്രസീത, എൽ. ബോധിപ്പിച്ച അപേക്ഷയിന്മേൽ വീരണകാവ് വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡിൻപ്രകാരം ടിയാൻ 15-10-2017-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃത അവകാശികളായി ചുവടെ പറയുന്നവരാണുള്ളതെന്നും കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | എൽ. പ്രസീത | ഭാര്യ | 44 |
| 2 | ആർ. രവിചന്ദൻ | മകൻ | 16 |
| 3 | ആർ. ശ്രീചന്ദൻ | ,, | 12 |
| 4 | രത്നമ്മ | മാതാവ് | 73 |

പരേതന്റെ പിതാവ് ജീവിച്ചിരിപ്പില്ല. മൈനർ സന്താനങ്ങൾ ഒന്നാം കക്ഷിയുടെ സംരക്ഷണയിലാണ്. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. താമസിച്ചും തപാൽവഴിയും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(4)

നമ്പർ എ3-409/2018. 2018 ജനുവരി 20.

കാട്ടാക്കട താലൂക്കിൽ വീരണകാവ് വില്ലേജിൽ അമ്പറത്തല വീട്ടിൽ മോഹനകുമാർ മരിച്ചുപോയതിനാൽ പരേതന്റെ പേരിൽ ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ വാങ്ങുന്നതിനും ഒരുലക്ഷം രൂപ വരെയുള്ള മറ്റാവശ്യങ്ങൾക്കുമായി ഒരു അവകാശ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെ താമസക്കാരിയായ ലതകുമാരി, ബി. ബോധിപ്പിച്ച അപേക്ഷയിൻമേൽ വീരണകാവ്, കല്ലിയൂർ വില്ലേജാഫീസർമാർ മുഖേന അവകാശ വിചാരണ നടത്തുകയും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിൻപ്രകാരം ടിയാൻ 24-10-2017-ൽ മരിച്ചുപോയതായും പരേതന്റെ നിയമാനുസൃത അവകാശികളായി ചുവടെ പറയുന്നവരാണുള്ളതെന്നും കാണുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ലതകുമാരി, ബി. | ഭാര്യ | 42 |
| 2 | ശ്രീജിത്, എം. എൽ. | മകൻ | 23 |
| 3 | സീതാലക്ഷ്മി, എൽ. എം. | മകൾ | 17 |
| 4 | ഓമനയമ്മ | മാതാവ് | 68 |

മൈനർ സന്താനം ഒന്നാം കക്ഷിയുടെ സംരക്ഷണയിലാണ്. പരേതന്റെ പേരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് മുഖേന ലഭിക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും വാങ്ങുന്നതിനുള്ള അവകാശികൾ മേൽപ്പറഞ്ഞവർ മാത്രമാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം അവർ ആ വിവരം പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ട് ബോധിപ്പിക്കേണ്ടതാണ്. താമസിച്ചും തപാൽവഴിയും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാട്ടാക്കട. തഹശീൽദാർ.

തിരുത്തൽ പരസ്യം

നമ്പർ എ3-15974/2017. 2018 ജനുവരി 9.

28-11-2017-ാം തീയതിലെ 47-ാം നമ്പർ കേരള ഗസറ്റ് (വാല്യം 6, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 10070, ക്രമനമ്പർ 9 ആയി പ്രസിദ്ധപ്പെടുത്തിയ എ3-15974/17-ാം നമ്പർ പരസ്യത്തിൽ പരേതയുടെ പേര് 'സരസ്വതിയമ്മ, ബി.' എന്നത് 'സരസ്വതിയമ്മ, എ.' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
കാട്ടാക്കട. തഹശീൽദാർ.

## KOLLAM DISTRICT

ലേല പരസ്യം

(1)

നമ്പർ എൽ5-46455/2017. 2018 ജനുവരി 6.

പത്തനാപുരം താലൂക്കിൽ പട്ടാഴി വടക്കേക്കര വില്ലേജിൽ ഏറത്തു വടക്ക് വാർഡിൽ സർക്കാർ പുറമ്പോക്ക് സ്ഥലത്തു നിന്നിരുന്നതും ടി വാർഡിൽ അംബേദ്ക്കർ കോളനിയിൽ പ്രവർത്തിക്കുന്ന 74-ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്നതുമായ ആഞ്ഞിലിമരം മുറിച്ചുമാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതും വില നിശ്ചയിച്ച് ലഭിച്ചിട്ടുള്ളതുമാണ്.

ആയതിനാൽ ടി മരം 20-2-2018-ാം തീയതി 11 മണിക്ക് പട്ടാഴി വടക്കേക്കര വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തും സ്ഥലത്തും എത്തിച്ചേർന്ന് ആവശ്യമായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളി കേൾക്കുന്ന ആൾ അപ്പോൾ തന്നെ ലേലതുക അധികാരികളെ ഏൽപ്പിച്ചു രസീതു വാങ്ങേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും കൊല്ലം ജില്ലാകളക്ടർക്ക് അധികാരമുണ്ടായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

(2)

നമ്പർ എൽ6-68495/2015. 2018 ജനുവരി 8.

പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ സർവ്വേ 229/2/1-ൽപ്പെട്ട വിളക്കുടി വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ നിന്നിരുന്ന ചുവടെ ചേർക്കുന്ന അളവുകളോടുകൂടിയ മാവ്, ഇലവ്, പാല, വട്ട എന്നീ മരങ്ങൾ മുറിച്ച് മാറ്റി വിളക്കുടി വില്ലേജ് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ടി തടികളുടെ ലേലം 15-2-2018-ാം തീയതി പകൽ 11 മണിക്ക് വിളക്കുടി വില്ലേജ് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

| ക്രമ നമ്പർ | വൃക്ഷ വിവരം | നീളം | ചുറ്റുവണ്ണം |
|---|---|---|---|
| 1 | ഇലവ് | 15.60 m | 2.00 m |
| 2 | പാല | 9.40 m | 1.00 m |
| 3 | വട്ട | 6.30 m | 1.00 m |
| 4 | മാവ് | 10.20 m | 2.30 m |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മതിയായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും നിരതദ്രവ്യം കഴിച്ചുള്ള ലേലത്തുകയും നിയമാനുസൃത നികുതിയും അപ്പോൾതന്നെ ഒടുക്കേണ്ടതും ലേലം സ്ഥിരീകരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ട ആൾ സ്വന്തം ചെലവിൽ ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ടി ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ലേലം അംഗീകരിക്കുന്നതിനുള്ള അധികാരം കൊല്ലം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3)

നമ്പർ എൽ5-49138/2017. 2018 ജനുവരി 6.

പുനലൂർ താലൂക്കിൽ തെൻമല വില്ലേജിൽ സർവ്വെ നമ്പർ 872/1/115/3/1-ൽപ്പെട്ട പുരയിടത്തിൽ എൽ. എ. സി. 148/65 നമ്പരായി പതിച്ചു നൽകിയപ്പോൾ സർക്കാരിലേക്ക് റിസർവ്വ് ചെയ്തിരുന്നതും നാളത് അപേക്ഷകയായ സാലി സദനത്തിൽ അന്നമ്മയുടെ കൈവശത്തിലുമായ സ്ഥലത്ത് ഉണ്ടായിരുന്നതും നിലവിൽ 2 കഷണങ്ങളാക്കി മുറിച്ച് സൂക്ഷിച്ചിട്ടുള്ളതുമായ 1.07 മീറ്ററും 1.5 മീറ്ററും ചുറ്റുവണ്ണമുള്ള ഈട്ടി മരം 14-2-2018-ാം തീയതി 11 മണിക്ക് തെൻമല വില്ലേജ് ഓഫീസിൽ വച്ച് ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ പരസ്യമായി ലേലം ചെയ്യുന്നതായിരിക്കും.

ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും എത്തിച്ചേർന്ന് ആവശ്യമായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലം വിളി കേൾക്കുന്ന ആൾ അപ്പോൾ തന്നെ ലേല തുകയും നിയമാനുസൃത വിൽപ്പന നികുതിയും വന വികസന നികുതിയും അധികാരികളെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലക്കാരൻ സ്വന്തം ചെലവിൽ ടി മരം മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ബഹു ജില്ലാ കളക്ടർക്ക് അംഗീകാരം ഉണ്ടായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

(4)

നമ്പർ എൽ5-50214/2017. 2018 ജനുവരി 6.

പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിൽ സർവ്വെ 962/1/67/2-ൽപ്പെട്ട സ്ഥലത്തു നിൽക്കുന്ന 150 സെ. മീ. ചുറ്റു വണ്ണമുള്ള ഒരു മൂട് ഈട്ടി മരത്തിന്റെ പരസ്യമായ ലേലം 20-2-2018-ാം തീയതി രാവിലെ 11 മണിക്ക് കുളത്തൂപ്പുഴ വില്ലേജാഫീസിൽ വച്ച് കൊല്ലം ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സ്ഥലത്തും സമയത്തും എത്തിച്ചേർന്ന് ആവശ്യമായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളി കേൾക്കുന്ന ആൾ അപ്പോൾ തന്നെ ലേലതുക അധികാരികളെ ഏൽപ്പിച്ചു രസീതു വാങ്ങേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും കൊല്ലം ജില്ലാകളക്ടർക്ക് അധികാരമുണ്ടായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

കളക്ടറേറ്റ്, (ഒപ്പ്)
കൊല്ലം. ജില്ലാ കളക്ടർ.

## Kollam Taluk

പരസ്യം

(1)

നമ്പർ സി2-27490/2017. 2017 ഡിസംബർ 13.

കൊല്ലം താലൂക്കിൽ ഇളമ്പള്ളൂർ വില്ലേജിൽ അംബിപൊയ്ക പി. ഒ., കോട്ടയ്ക്കകത്ത് വീട്ടിൽ വൈ. പാപ്പൻ 27-12-2016-ൽ മരണപ്പെട്ടുപോയതായും പരേതന്റെ പേരിലുള്ള വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി ഒരവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് ടി വീട്ടിൽ മധു, പി. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ ഇളമ്പള്ളൂർ, പിടവൂർ വില്ലേജാഫീസർമാർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | തങ്കമ്മ പാപ്പൻ | ഭാര്യ | 65 |
| 2 | ജോയിപാപ്പൻ | മകൻ | 50 |
| 3 | മധു, പി. | ,, | 47 |
| 4 | രാജി ജോർജ്ജ് | മകൾ | 45 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

മേൽക്കാണിച്ച 2-ം 4-ം കക്ഷികൾ ടി ആവശ്യത്തിലേക്ക് തങ്ങൾക്കുള്ള അവകാശം 3-ാം കക്ഷിക്ക് ഒഴിഞ്ഞുകൊടുത്തുകൊണ്ട് രേഖാമൂലം മൊഴി ഹാജരാക്കിയിരുന്നതിനാൽ പരേതന് അവകാശപ്പെട്ട മേൽക്കാണിച്ച ആനുകൂല്യങ്ങൾക്കായുള്ള ഏക അവകാശി 3-ാം കക്ഷിയാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കു ശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.